CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സീറോ മലബാർസഭയുടെ
# കുർബാന റാസക്രമം

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# Holy Qurbana

(Cover image Re-designed)

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സീറോമലബാർസഭയുടെ കുർബാന

## റാസക്രമം

കാർമ്മികൻ കൈകൾ കഴുകി തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളണിഞ്ഞ ആർച്ചുഡീക്കൻ ശുശ്രൂഷികൾ, സഹായികൾ എന്നിവരോടുകൂടെ പ്രദക്ഷിണമായി മദ്ബഹായിലേക്കു പോകുന്നു. പ്രദക്ഷിണത്തിൽ സ്ലീവാ ധൂപക്കുറ്റി, തിരികൾ, സുവിശേഷഗ്രന്ഥം എന്നിവയുണ്ടായിരിക്കണം. എല്ലാവരും മദ്ബഹായിൽ പ്രവേശിക്കുന്നു.

കാർമ്മികന്റെ ഇടത്തുവശത്ത് ആർച്ചുഡീക്കനും, പിറകിൽ ഒന്നാം ശുശ്രൂഷിയും ആർച്ചുഡീക്കന്റെ പിറകിൽ രണ്ടാം ശുശ്രൂഷിയും നിൽക്കുന്നു.

കാർമ്മികന്റെ ഇരുവശത്തുമായി ശുശ്രൂഷികൾ നിൽക്കുന്നു; അവരുടെ വശങ്ങളിലായി സഹായികളും. സുവിശേഷഗ്രന്ഥം വഹിക്കുന്ന ശുശ്രൂഷി അതു ബലിപീഠത്തിന്മേൽ ഇടത്തുഭാഗത്തു വയ്ക്കുന്നു. എല്ലാവരും ബലിപീഠത്തെ വണങ്ങി വചനവേദിയിലേക്കു പോകുന്നു.

സ്ലീവാ വഹിക്കുന്ന ശുശ്രൂഷി അതു വചനപീഠത്തിന്മേൽ തിരികളുടെ മധ്യേ വയ്ക്കുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കാർമ്മി. അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

സമൂ. **അനുരഞ്ജിതരായ്ത്തീർന്നീടാം**
**നവമൊരു പീഠമൊരുക്കീടാം**
**ഗുരുവിൻ സ്നേഹമൊടീയാഗം**
**തിരുമുമ്പാകെയണച്ചീടാം.**

*(അല്ലെങ്കിൽ)*

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



കാർമ്മി. നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച് ഈ കുർബാന ആരംഭിക്കാം.

സമൂ. **മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ നാം ഇത് അർപ്പിക്കുന്നത്.**

കാർമ്മി. അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതിഗീതം. (3)

സമൂ. **ഭൂമിയിലെങ്ങും മർത്യനു ശാന്തി**
**പ്രത്യാശയുമെന്നേക്കും.** (3)

*(അല്ലെങ്കിൽ)*

കാർമ്മി. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

സമൂ. **ആമ്മേൻ.** (3)

കാർമ്മി. ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ. **ആമ്മേൻ.**

കാർമ്മി. സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



സമൂ. **സ്വർഗ്ഗസ്ഥിതനാം താതാ നിൻ**
**സ്തുതിതൻ നിസ്തുല മഹിമാവാൽ**
**ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ**
**പാവനമായി വിളങ്ങുന്നു.**

**വാനവമാനവവൃന്ദങ്ങൾ**
**ഉദ്ഘോഷിപ്പൂ സാമോദം**
**പരിശുദ്ധൻ നീ എന്നെന്നും**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

**സ്വർഗ്ഗസ്ഥിതനാം താതാ നിൻ**
**നാമം പൂജിതമാകണമേ**

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ-
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

കാർമ്മി. താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

സമൂ. സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**വാനവമാനവവൃന്ദങ്ങൾ**
**ഉദ്ഘോഷിപ്പൂ സാമോദം**
**പരിശുദ്ധൻ നീ എന്നെന്നും**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

*(അല്ലെങ്കിൽ)*

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

**അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ./ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ മഹത്ത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു./ മാലാഖമാരും മനുഷ്യരും/ അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ/ എന്ന് ഉദ്ഘോഷിക്കുന്നു./ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ./ ഞങ്ങൾക്ക് ആവശ്യകമായ ആഹാരം/ ഇന്നു ഞങ്ങൾക്കു തരണമേ./ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ/ ഞങ്ങളുടെ കടങ്ങളും പാപങ്ങളും/ ഞങ്ങളോടും ക്ഷമിക്കണമേ./ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ./ ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ./ എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും/ എന്നേക്കും അങ്ങയുടേതാകുന്നു./ ആമ്മേൻ.**

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കാർമ്മി. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സമൂ. **ആദിമുതൽ എന്നേക്കും ആമ്മേൻ.**

കാർമ്മി. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

**അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ,**

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഉള്ളടക്കം

സീറോമലബാർ സഭയുടെ കുർബാന: റാസക്രമം 1

കാലവ്യത്യാസമനുസരിച്ച് മാറിവരുന്ന പ്രാർത്ഥനകൾ
(PROPRIA)

മംഗലവാർത്തക്കാലം 106
പിറവിക്കാലം 116
ദനഹാക്കാലം 126
നോമ്പുകാലം 136
ഉയിർപ്പുകാലം 145
ശ്ലീഹാക്കാലം 155
കൈത്താക്കാലം 165
ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ 174
പള്ളിക്കൂദാശക്കാലം 184
സ്വർഗ്ഗാരോഹണത്തിരുനാൾ 194
രൂപാന്തരീകരണത്തിരുനാൾ 206
വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ 216
പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം 227
പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ 237
വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ 247
വിശുദ്ധ സ്നാപകയോഹന്നാൻ 257
ശ്ലീഹന്മാരുടെ തിരുനാൾ 266
മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ 277
വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാർ 288

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



വിശുദ്ധരുടെ തിരുനാൾ 298
ദേവാലയ മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) തിരുനാൾ 309
വിശുദ്ധ കുര്യാക്കോസ് ഏലിയാസ് 320
വിശുദ്ധ അൽഫോൻസ 330
വിശുദ്ധ എവുപ്രാസ്യ 340
സകല മരിച്ചവരുടെയും ഓർമ്മ 351
മൂന്നു നോമ്പ്, നിനിവേ ഉപവാസം 362
അനുബന്ധം 1 (ഗീതങ്ങൾ) 371
അനുബന്ധം 2 396

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART

www.TheCMSIndia.org